അത്ഥം എന്നു് വ്യാഖ്യാനിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നു് ഗവണ്മെൻറു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. അധികം താമസിയാതെ ഒരു തീരുമാനം ഉണ്ടാക്കുന്നതാണു്.

(സി) പുറംപോക്കുകളിൽ സ്വയംപ്രവേശിച്ചവരിൽ ചിലർ സ്വന്തം ഭൂമിയില്ലാത്തവരായിരുന്നതുകൊണ്ടു്, പഞ്ചായത്തുകളുടെ തടസ്സവാദങ്ങൾ അവഗണിച്ചുകൊണ്ടു് പ്രസ്തുത സ്ഥലങ്ങൾ പ്രവേശനക്കാർക്കുതന്നെ കുത്തകപ്പാട്ടത്തിനുകൊടുത്തിട്ടുണ്ടു്.

(ഡി) പഞ്ചായത്തു് ആക്ടു് 43-ം 44-ം വകുപ്പുകൾ പ്രകാരം പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളും ഉത്തരവാദിത്വങ്ങളും താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചു് മാത്രമേ ഇപ്പോൾ പഞ്ചായത്തുകൾ പ്രയോഗിക്കുകയോ നിറവേറുകയോ ചെയ്യുന്നുള്ളൂ:—

1. Carrying out of petty irrigation works.
2. Sinking and repairing of wells, ponds or tanks for supply of water for drinking, bathing etc.
3. Lighting public roads.
4. Cleaning of streets and removal of rubbish, jungle growth etc.
5. Opening and maintenance of public markets.
6. Control of offensive and dangerous trades.
7. Opening and maintenance of public slaughter house.
8. Provision of radio service.
9. Provision for medical aid, midwifery etc.

പഞ്ചായത്തു മൈനർ ഇറിഗേഷൻ പണികൾ.

*105. [53] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി തരുമോ:

(എ) 1954-55 വർഷത്തിൽ "മൈനർ ഇറിഗേഷൻ" ഇനത്തിൽ ഒറപ്പണിയും അനുവദിച്ചുകൊടുത്തതായുള്ള പഞ്ചായത്തുകൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടു്, തൃശ്ശൂർ ഡിസ്ട്രിക്ടിൽ എത്ര പഞ്ചായത്തുകൾ മൈനർ ഇറിഗേഷൻ പണികൾ നടത്തിയിട്ടുണ്ടു്;

(സി) പൊറത്തിശ്ശേരി പഞ്ചായത്തിൽ നിന്നും യഥാസമയം ആവശ്യപ്പെട്ടതായ മൈനർ ഇറിഗേഷൻ പദ്ധതികൾ അനുവദിച്ചുകൊടുക്കാതിരിക്കാൻ കാരണമെന്തു്;

(ഡി) ഇങ്ങിനെ അനുവദിക്കാത്തതായ പണികൾ ഇക്കൊല്ലം മൻഗണനവച്ചു് അനുവദിച്ചുകൊടുക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1954-55 വർഷത്തിൽ "മൈനർ ഇറിഗേഷൻ" ഇനത്തിൽ ഒറപ്പണിയും അനുവദിച്ചുകൊടുക്കാത്തതായുള്ള പഞ്ചായത്തുകൾ ഉണ്ടു്.

(ബി) (1) പഞ്ചായത്തുകളിൽ നിന്നും അതാതുജോലികൾ സംബന്ധിച്ചുള്ള പ്രമേയങ്ങൾ അയച്ചുതരാത്തതുകൊണ്ടും മൈനർ

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷനെ സംബന്ധിച്ച പണികൾ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തതുകൊണ്ടാണ് 1954 ആക്ടോബർ മാസത്തിലായിരുന്നതുകൊണ്ടും ടി സാമ്പത്തിക വർഷത്തിൽ മൈനർ ഇറിഗേഷൻ പണികൾ എല്ലാ പഞ്ചായത്തുകളിലും ഏറ്റെടുത്ത് നടത്തുന്നതിനു് അവസരം ലഭിക്കുകയുണ്ടായില്ല. എന്നതന്നെയല്ല, അത്തരം പണികൾ, ഉള്ള സമയം കൊണ്ടു് ധൃതഗതിയിൽ നടത്തുന്നതിനു വേണ്ടതായ സ്റ്റാഫിന്റെ അഭാവവും ഒരു തടസ്സമായിരുന്നു.

(2) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ഇരുപത്തിമൂന്നു പഞ്ചായത്തുകളിൽ മൈനർ ഇറിഗേഷൻ പണികൾ നടത്തിയിട്ടുണ്ടു്.

(സി) മൈനർ ഇറിഗേഷൻപണികൾ പി. ഡബ്ലിയു. ഡി.യിൽ നിന്നും ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷനിലേയ്ക്കും തദനന്തരം പഞ്ചായത്തുഡിപ്പാർട്ടുമെന്റിലേയ്ക്കും മാറ്റി. പ്രസ്തുത പണികൾ പഞ്ചായത്തു ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തതു് 1954 ആക്ടോബറിലാണു്. ആണ്ടവസാനത്തിലുള്ള സമയംകൊണ്ടു് പണികൾ ധൃതഗതിയിൽ ചെയ്യുവാൻ വേണ്ട ടെക്നിക്കൽ സ്റ്റാഫും ഇല്ലായിരുന്നു. അതുകൊണ്ടു് പഞ്ചായത്തു് ആവശ്യപ്പെട്ട പണികൾ യഥാസമയം ചെയ്യുവാൻ സാധിച്ചില്ല.

(ഡി) ഇങ്ങനെ അനുവദിക്കാത്ത പണികൾക്കു് ഇക്കൊല്ലം മുൻഗണന നൽകുന്നതാണു്. പഞ്ചായത്തു റസല്യൂഷൻ വഴിക്കും, പൊതുജനങ്ങളുടെ അപേക്ഷകളെ പരിഗണിച്ചും, ക്രമപ്രകാരം മൈനർ ഇറിഗേഷൻ രേഖകളുടെ, പരിധിയിൽ പെടുന്നതുമായ പണികൾക്കു് മുൻഗണനകൊടുത്തു് അനുവദിക്കുന്നതായിരിക്കും.

പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായി ഉയർത്തണമെന്നുള്ള നിവേദനം.

* 106. [54] ശ്രീ. സി. സി. അയ്യപ്പൻ : തഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്താൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളെയാണു്;

(ബി) വടക്കാഞ്ചേരി പഞ്ചായത്തിനെ ഒരു മുനിസിപ്പാലിറ്റിയായി ഉയർത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; ഇതു പഞ്ചായത്തിന്റെ ആകെ വരുമാനം, വിസ്തീർണ്ണം, ജനസംഖ്യ എന്നിവ വെവ്വേറെ കാണിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) മുവാറ്റുപുഴ, പുനലൂർ, ചെങ്ങന്നൂർ, പറവൂർ, കൊടുങ്ങല്ലൂർ.

(ബി) ഉണ്ടു്.

വരുമാനം — രൂപ 28,725.
വിസ്തീർണ്ണം — 16·304 ചതുരശ്രമൈൽ.
ജനസംഖ്യ — 18,117.

LIBRARY ARCHIVES Kerala Legislative Assembly